SCARCITY OF WATER—KARIYANNUR VILLAGE

668. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ കരിയന്നൂർ വില്ലേജിൽ തിപ്പല്ലൂർ ദേശത്തു താമസിക്കുന്ന ചെ നായാടി കുടുംബങ്ങൾക്കു വെള്ളം കിട്ടുവാൻ ബുദ്ധിമുട്ടുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വല്ല നടപടികളും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും നടത്തുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

BOOKS—DEPRESSED CLASS STUDENTS—SUPPLY OF

659. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) അധഃകൃതവിദ്യാർത്ഥികൾക്ക് പുസ്തകം, സ്റ്റേഷനറി മുതലാവക്കുള്ള ഇൻഡന്റ് (Indent) ഏതു സ്കൂളിൽനിന്നും ഏതു തിയ്യതിക്കാണ് അവസാനമായി സംരക്ഷകന്റെ ആപ്പീസ്സിൽ ലഭിച്ചതു;

(ബി) സംരക്ഷകന്റെ ആപ്പീസ്സിൽനിന്നും ഇൻഡന്റ് (Main Indent) അവസാനമായി എന്നാണ് പാസ്സാക്കി അയച്ചിട്ടുള്ളതു;

(സി) പാസ്സാക്കി അയച്ച ഇൻഡന്റുപ്രകാരം കൺട്രാക്ടർ ഏതു സ്കൂളുകളിൽ നിശ്ചിത സമയത്തിനകത്തു സപ്ലൈ നടത്തിയിട്ടുണ്ട്;

(ഡി) ഇൻഡന്റ് പാസ്സാക്കി അയച്ച തിയ്യതി മുതൽ ഒരു മാസത്തിനകത്തുപോലും ബുക്ക് സപ്ലൈ ചെയ്യാതിരുന്ന സ്കൂളുകൾ ഏതു, അവയിൽ ഏതെല്ലാം ഹൈസ്കൂളുകൾ ഉൾപ്പെടും;

(ഇ) സ്കൂൾഫൈനൽ ക്ലാസ്സിലേക്കുള്ള ഇംഗ്ലീഷ് ടെക്സ്റ്റ് അവസാനമായി ഏതു സ്കൂളിലെ അധഃകൃത വിദ്യാർത്ഥികൾക്ക് എന്നാണ് കൊടുത്തിട്ടുള്ളതു. ടി സ്കൂളിൽ അധഃകൃതരല്ലാത്ത വിദ്യാർത്ഥികൾക്കു ആ പുസ്തകം എപ്പോൾ ലഭിച്ചു;

(എഫ്) നിശ്ചിത സമയത്തിനകത്തു കൺട്രാക്ടർ സപ്ലൈ ചെയ്യാതിരുന്നതിനു ഗവൺമെണ്ടു് അവരുടെ മേൽ എന്തു നടപടിയാണ് നടത്തിയതെന്നു് സദയം പറയുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) R. S. P. S., Ernakulam on ക്ര—ല—ക്ഷ ര്ന.

(ബി) ക്രവ—ല—ക്ഷ ര്ന.

(സി) ക്രവ ര്.

(ഡി) ക്ഷ ര് ങ. ഇതിൽ താഴെ പറയുന്ന ഹൈസ്കൂളുകൾ ഉൾപ്പെടും.

ക. കെ. എച്ച്. എസ്സ്., മുണ്ടത്തിക്കോട്ട്

ല. എം. ഐ. എച്ച്. എസ്സ്, എറണാകുളം

ന. ടി. ഡി. എച്ച്. എസ്സ്., കൊച്ചിൻ

ര്. ആർ. എം. എച്ച്. എസ്സ്., വടവുകോട്ട്

ങ. എച്ച്. എസ്സ്. ഇരിമ്പനം

ന്ന. എച്ച്. എസ്സ്., ഞാറക്കൽ

ഴ. എച്ച്. എസ്സ്., മുളന്തുരുത്തി

വ. പി. എച്ച്. എസ്സ്., ചേന്ദമംഗലം

ൻ. എസ്സ്. എച്ച്. സി. എച്ച്. എസ്സ്., തുശ്ശിവപേരൂർ

(ഇ) ജി. എച്ച്. എസ്സ്., എറണാകുളം ര്—ര്—ക്ര ക്ര ല ക്ര, വര്—ക്ര ല—ക്ര ക്ര ല ം ൽ

(എഫ്) കൺട്രാക്ടർമാരുടെമേൽ വേണ്ട നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly